**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2330** **12-10-2021 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ കിഫ്‌ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മൂന്ന് കോടി രൂപയുടെ കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ നാദാപുരം മണ്ഡലത്തിലെ ഗവൺമെന്റ് യു .പി.എസ്, നാദാപുരം, ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ, വെള്ളിയോട് എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്‌ബി എപ്പോഴാണ് ധനകാര്യ അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിലെ ഗവൺമെന്റ് യു.പി.എസ്, നാദാപുരം, ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ വെള്ളിയോട്, എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 15/02/2021 ൽ നടന്ന കിഫ്‌ബി എക്സിക്യൂട്ടീവ് കമ്മറ്റി ധനാനുമതി നൽകി. |
| (ബി) | പ്രസ്തുത പ്രവൃത്തി ഏത് ഏജൻസി മുഖേന നിർവഹിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സ.ഉ.(സാധാ) നം.783/2021/പൊ.വി.വ തീയതി, 28/01/2021 പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി കിലയെ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | കിഫ്‌ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയുടെ ചുമതലയാണ്. പദ്ധതി സാങ്കേതികാനുമതിയുടെ ഘട്ടത്തിലാണെന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ